**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4523** **19-07-2022 - ൽ മറുപടിയ്ക്ക്**

**വനസംരക്ഷണ കർമ്മപദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനസംരക്ഷണത്തിനും വനപരിപാലനത്തിനും എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതെന്ന് അറിയിക്കുമോ ; | (എ) | വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിനും വന പരിപാലനം കാര്യക്ഷമമാക്കുന്നതിനും നിലവിൽ ചെയ്ത് വരുന്നതും പരിഗണനയിലുള്ളതുമായ പരിപാടികളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | കേന്ദ്ര സഹായത്തോടെയുള്ള ഇന്റഗ്രേറ്റഡ് ഡെവലപ്പ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; ഇതിന് യഥാസമയം കേന്ദ്ര സഹായം ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഇന്റഗ്രേറ്റഡ് ഡെവലപ്പ്മെന്റ് ഓഫ് വൈൽഡ്ലൈഫ് ഹാബിറ്റേറ്റിന്റെ ധനസഹായം ലഭിക്കുന്നത് സംസ്ഥാനത്ത് 16 വന്യജീവി സംരക്ഷണ കേന്ദ്രങ്ങൾക്കും, 5 ദേശീയ ഉദ്യാനങ്ങൾക്കും, ഒരു കമ്മ്യൂണിറ്റി<br><br>റിസർവ്വിനുമാണ്. ഇൻഗ്രേറ്റഡ് ഡെവലപ്പ്മെന്റ് ഓഫ് വൈൽഡ്ലൈഫ് ഹാബിറ്റേറ്റ് സ്കീമിൽ വർഷാവർഷം 60:40 അനുപാതത്തിൽ ധനസഹായം ലഭിച്ചുവരുന്നു. കാട്ടുതീയിൽ നിന്നുള്ള സംരക്ഷണം, കാനന പാതകളുടെ നിർമ്മാണവും പരിപാലനവും, വൈദ്യുതവേലികളുടെ നിർമ്മാണം, ആനകളുടെ ആക്രമണത്തിൽ നിന്നും കൃഷിഭൂമി സംരക്ഷിക്കുന്നതിനായി ട്രഞ്ചുകളുടെ നിർമാണം, വന്യമൃഗ ആക്രമണത്തിന് വിധേയമായവർക്കുള്ള<br><br>നഷ്ടപരിഹാരം, ജൈവവൈവിധ്യ സംരക്ഷണം ശക്തിപ്പെടുത്തിന്നതിനുള്ള ഗവേഷണങ്ങളും പരിശീലനങ്ങളും വനത്തിനുള്ളിലെ ചതുപ്പുവയലുകളുടെ പരിപാലനം, കുളം, തടയണകൾ എന്നിവയുടെ നിർമ്മാണം, ഉപദ്രവകാരികളായ കളകളുടെ നിർമ്മാർജ്ജനം, പ്രകൃതി പഠന ക്യാമ്പുകൾ, വന്യജീവികളെ സംബന്ധിച്ച അറിവ് നൽകുന്ന ഇൻഫർമേഷൻ സെന്ററുകളുടെ പ്രവർത്തനം, തൊഴിൽ പരിശിലനങ്ങൾ, സൗരോർജ്ജ വിളക്കുകൾ, വാർത്താവിനിമയ സൗകര്യങ്ങൾ, വയർലെസ് സെറ്റുകൾ തുടങ്ങിയ വിവിധങ്ങളായ പ്രവർത്തികളാണ് പ്രസ്തുത പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. പദ്ധതി |

| | | | |
|---|---|---|---|
| | | | പ്രവൃത്തികൾ വിലയിരുത്തി ഓരോ സാമ്പത്തിക വർഷത്തിലേക്കും മേൽ പ്രവൃത്തികൾ ഉൾപ്പെടുന്ന വാർഷിക പദ്ധതി രൂപരേഖ (APO) കേന്ദ്രത്തിന് സമർപ്പിച്ച് കേന്ദ്ര സഹായം ലഭ്യമാക്കിവരുന്നു. നടപ്പ് സാമ്പത്തിക വർഷം 1487.50 ലക്ഷം രൂപയുടെ വാർഷിക പദ്ധതി രൂപരേഖയാണ് അനുമതിയ്ക്കായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ളത്. അവസാന മൂന്ന് സാമ്പത്തിക വർഷങ്ങളിൽ മേൽ പദ്ധതിയിൽ ലഭിച്ച തുകയുടെ വിവരം അനുബന്ധം 2 അയി ചേർക്കുന്നു. |
| (സി) | കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ വന സംരക്ഷണത്തിന് തുടർന്നു വന്ന ഏതെല്ലാം പദ്ധതികൾ നിർത്തലാക്കിയിട്ടുണ്ട്; വിശദമാക്കാമോ; ആയത് നിർത്തലാക്കാൻ ഇടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത കാലയളവിൽ എത്ര പുതിയ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട് ? | (സി) | 2019-ൽ യു.എൻ.ഡി.പി-യുടെ IHMRL പ്രൊജക്ടിനുകീഴിൽ മൂന്നാർ ഡിവിഷനിൽ ഹാബിറ്റാറ്റ് ഇംപ്രവ്മെന്റ് & മാനേജ്മെന്റ് ഇന്റർവെൻഷൻ ഇൻ ദ ഫോറസ്റ്റ് ട്രാക്ക്സ്' എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. TRIFED -ന്റെ MSP for MFP പദ്ധതി, RKDP പദ്ധതി എന്നിവ ടി കാലയളവിനുള്ളിൽ ആരംഭിച്ച പദ്ധതികളാണ്. പ്രസ്തുത കാലയളവിൽ പരിസ്ഥിതി പുനഃസ്ഥാനം ലക്ഷ്യമാക്കിയുള്ള ഇക്കോ റിസ്റ്റോറേഷൻ പദ്ധതിയുടെ ഭാഗമായി യൂക്കാലിപ്റ്റ്സ്, അക്കേഷ്യ മാഞ്ചിയം തുടങ്ങിയ വൃക്ഷങ്ങളുടെ തോട്ടങ്ങൾ ഘട്ടംഘട്ടമായി ഒഴിവാക്കി വന്യജീവികൾക്ക് പ്രയോജനകരവും, പ്രകൃതിക്ക് ഇണങ്ങുന്നതുമായ തദ്ദേശിയ ഇനം വൃക്ഷങ്ങൾ നട്ടുവളർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ നഗരവനം, മിയാവാക്കി തുടങ്ങിയ പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട് . NABARD പദ്ധതിയിൽ ഉൾപ്പെടുത്തി ആധുനിക രീതിയിൽ മോഡൽ ഫോറസ്റ്റ് സ്റ്റേഷനുകളും, ഫോറസ്റ്റ് കോംപ്ലക്സുകളും നിർമ്മിക്കുന്ന പദ്ധതിയും ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

സംസ്ഥാനത്തെ വനമേഖലകൾ സംരക്ഷിക്കുവാൻ വനം, റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധനയിലൂടെ വനാതിർത്തി നിർണ്ണയിച്ച് ജണ്ട കെട്ടി സംരക്ഷിച്ചുവരുന്നു.

സംസ്ഥാനത്ത് വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പരിസ്ഥിതി പ്രാധാന്യമുള്ള കണ്ടൽക്കാടുകൾ, പുറമ്പോക്കുകൾ, റിസർവ്വ് വനമായി പ്രഖ്യാപിക്കാത്ത വനഭൂമികൾ എന്നിവ റിസർവ്വ് വനമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

റീബിൽഡ് കേരള പദ്ധതിയുടെ കീഴിൽ വനത്തിനുള്ളിലും വനത്തിനോട് ചേർന്ന് കിടക്കുന്ന സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.
റീബിൽഡ് കേരള, കിഫ്ബി തുടങ്ങിയ പദ്ധതികൾ മുഖേന ഉൾവനങ്ങളിലെ സ്വകാര്യ ഭൂമികളിൽ താമസിക്കുന്നവർക്ക് മതിയായ നഷ്ട പരിഹാരം നൽകി അർഹരായ കുടുംബങ്ങളെ സ്വയം സന്നദ്ധത പ്രകാരമുള്ള പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി മാറ്റി പാർപ്പിക്കുകയും പ്രസ്തുത ഭൂമി വനഭൂമിയായി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ശോഷണം സംഭവിച്ച വനഭാഗങ്ങളിൽ ശോഷിക്കപ്പെട്ട വനങ്ങളുടെ പുനരുജ്ജീവനം, പ്രകൃതി ദത്ത വനങ്ങളുടെ സഹായ വനവൽക്കരണം എന്നീ പദ്ധതികളിലൂടെ പുനരുജ്ജീവിപ്പിച്ച് സ്വാഭാവിക വനങ്ങളാക്കി മാറ്റുന്നതിനുള്ള ഇക്കോ റീസ്റ്റോറേഷൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

വനം പരിപാലനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ആധുനിക രീതിയിൽ കൂടുതൽ മോഡൽ ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

വനപരിപാലനത്തിന്, വന സമ്പത്ത് കാത്തുസൂക്ഷിക്കുന്നതിനും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ, പ്ലാന്റേഷനുകൾ നട്ടുപിടിപ്പിക്കലും, അവയുടെ സംരക്ഷണ പ്രവർത്തനങ്ങളും കൂടാതെ മണ്ണൊലിപ്പ് തടയുന്നതിനും ജല സംരക്ഷണത്തിനുള്ള പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്.

അധിനിവേശ സസ്യങ്ങളെ ഒഴിവാക്കി തദ്ദേശീയ വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ചും, പുൽമേടുകൾ സംരക്ഷിച്ചും ജൈവ വൈവിധ്യ സംരക്ഷണം ഉറപ്പാക്കുന്നുണ്ട്. വനപ്രദേശങ്ങളിലെ നീരുറവകൾ വറ്റിപ്പോകുന്നത് തടയാനും, വന്യജീവികൾക്ക് ജല ലഭ്യത ഉറപ്പാക്കാനും കുളങ്ങൾ, തടയണകൾ എന്നിവ നിർമ്മിക്കുകയും ജലസ്രോതസ്സുകളിൽ മാലിന്യവും ചെളിയും നീക്കി സംരക്ഷിച്ചും വനങ്ങളെ പുഷ്ടിപ്പെടുത്തി വരുന്നുണ്ട്. വനപ്രദേശങ്ങളിലും വനത്തിനുള്ളിലും പട്രോളിംഗ് ക്യാമ്പുകൾ, സംയുക്ത റെയിഡുകൾ, നൈറ്റ് പട്രോളിംഗ് എന്നിവ നടത്തിയും വന സംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കിയിട്ടുള്ളതാണ്. വനസംരക്ഷണ സമിതികളും ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളും രൂപീകരിച്ച് പങ്കാളിത്ത വനപരിപാലനം നടപ്പാക്കി വന്യമൃഗ വേട്ട തടയുന്നതിനും സംരക്ഷണം ഉറപ്പാക്കുന്നതിനും നടപടികൾ സ്വികരിച്ചുവരുന്നുണ്ട്. വനം കുറ്റകൃത്യങ്ങളിൽ കുറ്റക്കാർക്കെതിരെ നിയമാനുസൃതം ശക്തമായ നടപടികളും സ്വീകരിച്ചുവരുന്നു.